# 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ്
## (2005-ലെ 33-ാം ആക്റ്റ്)

ഉള്ളടക്കം

പീഠിക

വകുപ്പുകൾ:

1. ചുരുക്കപ്പേരും പ്രാരംഭവും
2. 19-ാം വകുപ്പിനുള്ള ഭേദഗതി
3. 22-ാം വകുപ്പിനുള്ള ഭേദഗതി
4. 90-ാം വകുപ്പിനുള്ള ഭേദഗതി
5. 91-ാം വകുപ്പിനുള്ള ഭേദഗതി
6. 128-ാം വകുപ്പിനുള്ള ഭേദഗതി
7. 130-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ
8. 565-ാം വകുപ്പിനുള്ള ഭേദഗതി
9. സാധൂകരിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

# 2005-ലെ 33-ാം ആക്റ്റ്

# 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ്*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിയാറാം സംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1\. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഈ ആക്റ്റിലെ 6, 7, 8 എന്നീ വകുപ്പുകൾ 2000 സെപ്റ്റംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്നവ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2\. 19-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 19-ാം വകുപ്പിലെ (8)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ഉദ്യോഗസ്ഥൻ പ്രമേയത്തിന്റെ ന്യായാന്യായങ്ങളെപ്പറ്റി സംസാരിക്കാൻ പാടില്ലാത്തതും അദ്ദേഹത്തിന് വോട്ട് ചെയ്യുന്നതിന് അവകാശമില്ലാത്തതുമാകുന്നു.".

3\. 22-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ (കെ) ഖണ്ഡത്തിൽ "പൊതുവിതരണ സമ്പ്രദായം" എന്ന വാക്കുകൾക്കും "എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ് " എന്ന വാക്കുകൾക്കും ഇടയിൽ 'ദാരിദ്ര്യ നിർമ്മാർജനം' എന്ന വാക്ക് ചേർക്കേണ്ടതാണ്.

4\. 90-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 90-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ, (എച്ച്) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

* Received the assent of the Governor on the 23rd August, 2005 and published in the Kerala Gazette Extraordinary No. 1944 dated 24th August, 2005.

LIBRARY ARCHIVES Kerala Legislative Assembly

"(എച്ച്) ആ മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലം പറ്റുന്ന അഭിഭാഷകനായി നിയോഗിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ; അഥവാ,"

5. 91-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 91-ാം വകുപ്പിൽ (എഫ്) ഖണ്ഡത്തിൽ "ആർജ്ജിക്കുകയോ" എന്ന വാക്കിനുശേഷം താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്:—

"അല്ലെങ്കിൽ, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിയുടെ പദ്ധതിയോ പണിയോ നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർ എന്ന നിലയിൽ ആ മുനിസിപ്പാലിറ്റിയുമായി കരാറിലോ പണിയിലോ ഏർപ്പെട്ടിരിക്കുകയോ.".

6. 128-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 128-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ (എ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എ എ) വോട്ടു രേഖപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ വോട്ടിംഗ് യന്ത്രത്തിന് എന്തെങ്കിലും സാങ്കേതിക തകരാറുകൾ സംഭവിക്കുമ്പോഴോ; അല്ലെങ്കിൽ",

(2) (2)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ "പിശകോ ക്രമക്കേടോ" എന്ന വാക്കുകൾക്ക് ശേഷം "വോട്ടിംഗ് യന്ത്രത്തിന് സംഭവിച്ച സാങ്കേതിക തകരാറോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 130-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 130-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"130 എ. തെരഞ്ഞെടുപ്പുകളിൽ വോട്ടിംഗ് യന്ത്രം ഉപയോഗിക്കൽ.—ഈ ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഓരോ പ്രദേശങ്ങളിലേയും സാഹചര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന ഏതൊരു തെരഞ്ഞെടുപ്പിലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് വോട്ട് നൽകുകയും വോട്ട് രേഖപ്പെടുത്തുകയും ചെയ്യുന്ന സമ്പ്രദായം സ്വീകരിക്കാവുന്നതാണ്.

വിശദീകരണം: ഈ വകുപ്പിന്റെ ഉദ്ദേശത്തിനായി "വോട്ടിംഗ് യന്ത്രം" എന്നാൽ, വോട്ടുകൾ നൽകുന്നതിനോ രേഖപ്പെടുത്തുന്നതിനോ വേണ്ടി ഉപയോഗിക്കുന്ന ഏതൊരു ഇലക്ട്രോണിക് യന്ത്രമോ മറ്റേതെങ്കിലും യന്ത്രമോ എന്നർത്ഥമാകുന്നതും ഈ ആക്റ്റിൽ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിൽ ബാലറ്റ് പെട്ടി അല്ലെങ്കിൽ ബാലറ്റ് പേപ്പർ എന്ന ഏതൊരു പരാമർശവും, മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടങ്ങളിലൊഴികെ, ഒരു വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്ന ഏതൊരു തെരഞ്ഞെടുപ്പിലും, അങ്ങനെയുള്ള വോട്ടിംഗ് യന്ത്രത്തെക്കുറിച്ചുള്ള പരാമർശവും ഉൾപ്പെടുത്തുന്നതായി വ്യാഖ്യാനിക്കപ്പെടേണ്ടതാണ്.".

8. 565-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 565-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൽ, (എ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

"(എ എ) വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് വോട്ടുകൾ നൽകേണ്ടതും രേഖപ്പെടുത്തേണ്ടതുമായ രീതികൾ സംബന്ധിച്ചും, അങ്ങനെയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്ന പോളിംഗ് സ്റ്റേഷനുകളിൽ അല്ലെങ്കിൽ സ്ഥലങ്ങളിൽ വോട്ടെടുപ്പ് നടത്തേണ്ട നടപടി ക്രമങ്ങളെ സംബന്ധിച്ചും".

9. സാധൂകരിക്കൽ.—(1) 2001-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപന നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിന് (2001-ലെ 20) 2001 ജൂലായ് 17-ാം തീയതി പ്രാബല്യം ഇല്ലാതായി തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 128, 130 എ, 565 എന്നീ വകുപ്പുകൾ പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

(ബി) പ്രസ്തുത ഓർഡിനൻസ് പ്രാബല്യം ഇല്ലാതായി തീർന്നതിന് ശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പും ചെയ്ത ഏതൊരു കാര്യവും എടുത്ത ഏതൊരു നടപടിയും പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായി തീർന്നിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്യാമായിരുന്നു അഥവാ എടുക്കാമായിരുന്നു എങ്കിൽ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(2) പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായി തീർന്നത്,—

(എ) അത് പ്രകാരം ആർജ്ജിച്ചതോ പ്രാപ്തമായതോ വഹിച്ചതോ ആയ ഏതെങ്കിലും അവകാശത്തെയോ പ്രത്യേകാവകാശത്തെയോ കടപ്പാടിനെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ; അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തെയോ പ്രത്യേകാവകാശത്തെയോ കടപ്പാടിനെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടികളെയോ പരിഹാരത്തെയോ ബാധിക്കുന്നതല്ലാത്തതും അപ്രകാരമുള്ള നിയമനടപടികളോ പരിഹാരമോ ഈ ആക്റ്റുമൂലം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകളിൻകീഴിൽ നടത്തുകയോ തുടരുകയോ നടപ്പിലാക്കുകയോ ചെയ്യാവുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Translation in English of the "2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ്" published under the authority of the Governor]

## ACT 33 OF 2005

## THE KERALA MUNICIPALITY (THIRD AMENDMENT) ACT, 2005

*An Act further to amend the Kerala Municipality Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Municipality Act, 1994 (20 of 1994) for the purposes hereinafter appearing;

BE it enacted in the Fifty-sixth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Municipality (Third Amendment) Act, 2005.

(2) Sections 6, 7 and 8 of this Act shall be deemed to have come into force on the 1st day of September, 2000 and the remaining shall come into force at once.

2. *Amendment of section 19.*—In section 19 of the Kerala Municipality Act, 1994 (20 of 1994) (hereinafter referred to as the principal Act), for sub-section (8) the following sub-section shall be substituted, namely:—

"(8) The Officer presiding over the meeting shall not speak on the merits and de-merits of the motion and shall not be entitled to vote.".

3. *Amendment of section 22.*—In the principal Act in clause (k) of sub-section (1) of section 22, in between the words "slum improvement," and "public distribution system", the words "poverty eradication" shall be inserted.

4. *Amendment of section 90.*—In sub-section (1) of section 90 of the principal Act, for clause (h) the following clause shall be substituted, namely:—

"(h) is employed as a paid legal practitioner on behalf of that Municipality; or",

5. *Amendment of section 91.*—In clause (f) of section 91 of the principal Act, after the words, "or except as permitted by rules made under this Act" the following words shall be added, namely:—

"or enters into the contract or work with the Municipality as a Convener of the beneficiary committee which undertake the project or work of that Municipality as per any rules made under this Act.".

LIBRARY ARCHIVES Kerala Legislative Assembly

6. *Amendment of section 128.*—In section 128 of the principal Act,—

(1) In sub-section (1) after clause (a) the following clause shall be inserted, namely:—

"(aa) any voting machine developes a mechanical failure during the course of recording votes; or,";

(2) In clause (b) of sub-section (2) after the words, "error or irregularity" the words, "or the mechanical failure developed in the voting machine", shall be inserted.

7. *Insertion of new section after section 130.*—In the principal Act, after section 130 the following section shall be inserted, namely:—

"130A. *Use of voting machine in elections.*—Notwithstanding anything contained in this Act or rules made thereunder, the system of giving vote and recording of vote by using voting machine as may be prescribed may be adopted in every election decided by the State Election Commission considering the circumstances in each region.

*Explanation*:—For the purpose of this section, "voting machine" means any electronic machine or any other machine used for giving or recording of votes and it shall also be construed that any reference as to ballot box or ballot paper in this Act or the rules made thereunder save as otherwise provided shall include the reference to a voting machine which is being used in any election."

8. *Amendment of section 565.*—In section 565 of the principal Act, after clause (a) of sub-section (2) the following clause shall be inserted, namely:—

"(aa) the manner of giving and recording of votes by using voting machine and the procedures in conducting polling in polling stations or places where such machines are used".

9. *Validation.*—(1) Notwithstanding the cessation of operation of the Kerala Local Self Government Institution Laws (Amendment) Ordinance, 2001 (20 of 2001) on the 17th day of July, 2001,—

(a) anything done or deemed to have been done or any action taken or deemed to have been taken under sections 128, 130A and 565 of the principl Act amended under the said Ordinance shall be deemed to have been done or taken under the principal Act as amended by this Act;

GCPT. 34/3655/07/TP.

LIBRARY ARCHIVES Kerala Legislative Assembly

(b) anything done or any action taken after the cessation of operation of the said Ordinance and before the date of publication of this Act in the Gazette, which could have been done or taken under the principal Act amended under the said Ordinance had it not been ceased to operate, shall be deemed to have been done or taken under the principal Act as amended under this Act.

(2) The cessation of the said Ordinance shall not affect,—

(a) any right, privilege, obligation or liability acquired, accrued or incurred thereunder; or

(b) any legal proceedings or remedy in respect of any such right, privilege, obligation or liability and such legal proceedings or remedy may be instituted, continued or enforced under the provisions of the principal Act as amended by this Act.

LIBRARY ARCHIVES Kerala Legislative Assembly